പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

* നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 278

12/12/2014- ൽ മറുപടിക്ക്

പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവുകളെ കൂട്ടത്തോടെ കൊന്നൊടുക്കുവാൻ തീരുമാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. എം.എ. ബേബി:<br>ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. സാജു പോൾ: | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) പക്ഷിപ്പനി ബാധയെത്തുടർന്ന് താറാവുകളെ കൂട്ടത്തോടെ കൊന്നൊടുക്കുവാൻ തീരുമാനിച്ചിരുന്നുവോ; | എ) പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലത്തിന് 1 കി.മീ ചുറ്റളവിലെ താറാവുകളെയും മറ്റ് പക്ഷികളെയും കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം കൊന്നൊടുക്കുവാൻ തീരുമാനിച്ചിരുന്നു. |
| ബി) ഇങ്ങനെ തീരുമാനം എടുത്തപ്പോൾ രോഗം ബാധിക്കാത്തവയേയും കൊന്നൊടുക്കിയിരുന്നുവോ; | ബി) രോഗം സ്ഥിരീകരിച്ച സ്ഥലത്തിന് 1 കി.മീ ചുറ്റളവിലെ എല്ലാ വളർത്തു പക്ഷികളെയും കൊന്നൊടുക്കിയിരുന്നു. രോഗം പകരാതിരിക്കാൻ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് ഇപ്രകാരം ചെയ്തത്. |
| സി) കർഷകരുടെ എതിർപ്പിനെ മറികടന്ന് രോഗം ബാധിക്കാത്തവയേയും കൊന്നൊടുക്കിയ സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) 1 കി.മീ ചുറ്റളവിലെ രോഗം ബാധിച്ചതും രോഗം ബാധിക്കാത്തതുമായ എല്ലാ വളർത്തു പക്ഷികളെയും കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. രോഗ സംക്രമണം തടയുന്നതിനും , മനുഷ്യരിലേയ്ക്ക് രോഗം പകരാതിരിക്കുവാനുള്ള മുൻകരുതലെന്ന നിലയിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രോട്ടോക്കോൾ പ്രകാരമാണ് ഇങ്ങനെ ചെയ്തത്. |
| ഡി) കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ സ്വീകരിച്ച ഇത്തരം നടപടികളെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; അത് സംബന്ധിച്ച് പരിശോധന നടത്തുമോ? | ഡി) രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ